റിപ്പോർട്ട്

# സോളിഡാരിറ്റി തിരുവനന്തപുരം ജില്ലാ സമ്മേളനം

**തിരുവനന്തപുരം:** തലസ്ഥാന ജില്ലയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വേരോട്ടം വിളിച്ചറിയിക്കുന്നതായിരുന്നു ഫെബ്രുവരി 12-ന് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ അരങ്ങേറിയ സോളിഡാരിറ്റി ജില്ലാ സമ്മേളനം. നീതി നിഷേധിക്കപ്പെടുന്നവർക്കും അശരണർക്കുമായി ഉയിർത്തെഴുന്നേൽക്കുന്ന പുതിയ ഒരു ജനപക്ഷ മുന്നേറ്റത്തിന്റെ കാഹളമുയർത്തി ജില്ലയിലെ വിവിധ ജനകീയ സമര സംഘടനകളുടെ പ്രവർത്തകരും സമ്മേളനത്തിൽ അണിനിരന്നു. വടക്കേ ഇന്ത്യയിൽ ദലിത് രാഷ്ട്രീയത്തിന്റെ പുതിയ നായകരിലൊരാളായ ഉദിത് രാജ് മുഖ്യാതിഥിയായി സംബന്ധിച്ച സമ്മേളനത്തിൽ തിരുവനന്തപുരം ജില്ലയിലെ മൽസ്യത്തൊഴിലാളികളുടെയും തലചായ്ക്കാൻ ഇടമില്ലാതെ ദുരിതമനുഭവിക്കുന്ന തീരദേശ വാസികളുടെയും ദുർഗന്ധപൂരിതമായ പാർവതീ പുത്തനാറിന്റെ തീരത്ത് നരകയാതന അനുഭവിക്കുന്നവരുടെയും പ്രതിനിധികളും ഒത്തുചേർന്നു. ക്ലേഫാക്ടറിക്കെതിരെ സമരം നടത്തുന്ന പുത്തൻതുറ നിവാസികൾ സെക്രട്ടറിയേറ്റിനു മുന്നിൽ സോളിഡാരിറ്റിക്ക് ഐക്യദാർഢ്യമർപ്പിച്ചു.

രണ്ടു മാസത്തോളമായി നടന്നു വന്ന ആവേശകരമായ സമ്മേളന-സമര പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് ജില്ലാ സമ്മേളനം നടന്നു. അടിച്ചമർത്തപ്പെട്ടവന്റെ വേദനകൾ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ സമ്മേളന വേദിയിൽ പങ്കുവെച്ച ഉദിത് രാജ് പാർശ്വവത്കൃത ജനവിഭാഗങ്ങളുടെ ഉയിർത്തെഴുന്നേൽപിന് ആഹ്വാനം നൽകി. രാജ്യത്തുടനീളം ദലിതരുടെയും മുസ്‌ലിംകൾ അടക്കമുള്ള മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും ഒത്തൊരുമയോടു കൂടിയുള്ള പ്രവർത്തനങ്ങൾ കെട്ടിപ്പടുക്കണം. സമ്പത്തും അധികാരവും തുഛമായ ഒരു മേലാളവർഗത്തിന്റെ കൈകളിൽ കെട്ടിക്കിടക്കുന്ന അവസ്ഥ എത്രയും വേഗം അവസാനിപ്പിച്ചെങ്കിലേ ഇന്ത്യക്ക് ഒരു ജനക്ഷേമരാജ്യമായി ഉയരാനാവൂയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

രാഷ്ട്രീയത്തെയും മതത്തെയും വേർതിരിച്ചുകൊണ്ടുള്ള ആധുനിക സംജ്ഞകൾ ഞങ്ങൾക്ക് പരിചയമില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ ആഹ്വാനം ചെയ്ത ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി.ആരിഫലിയുടെ ഉദ്ഘാടന പ്രസംഗം ആവേശത്തോടെ സദസ്സ് ഏറ്റുവാങ്ങി. നാം ജീവിതത്തെ സമ്പൂർണ്ണമായാണ് അല്ലാഹുവിന് സമർപ്പിച്ചിരിക്കുന്നത്. അവിടെ വേർതിരിവുകളില്ല. പങ്കുകാരില്ല. പ്രതിരോധത്തിന്റെ പേരിൽ വർഗീയത പ്രചരിപ്പിക്കുന്നവരെയും നാം തുറന്നുകാട്ടേണ്ടിയിരിക്കുന്നു. സവർണവർഗീയതയെ പ്രതിരോധിക്കാൻ വർഗീയത കടന്നുവരുന്ന വഴികളെ അടയ്ക്കുകയാണ് ആദ്യം വേണ്ടത്. ഇടതുമുന്നണിയെ നിയമസഭാ തെരഞ്ഞെടുപ്പിൽ പിന്തുണച്ചതിനാൽ അവരെ വിലയിരുത്താനും വിമർശിക്കാനുമുള്ള അർഹത പ്രസ്ഥാനത്തിന് നഷ്ടപ്പെടുകയല്ല അതിനുള്ള അർഹത വർധിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇടതുപക്ഷ പ്രസ്ഥാനം മറ്റൊരു വലതുപക്ഷമായി പരിവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, ഇത് തിരിച്ചറിഞ്ഞു തിരുത്താൻ ഇടതുപക്ഷം തയാറാകണമെന്നും അമീർ പറഞ്ഞു.

കാലഘട്ടത്തിന്റെ ദൈവിക നിയോഗമാണ് സോളിഡാരിറ്റി നിർവഹിക്കുന്നതെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ സംസ്ഥാന പ്രസിഡന്റ് അബ്ദുൽഹമീദ് വാണിയമ്പലം വ്യക്തമാക്കി. സാമൂഹിക സേവനത്തിന്റെ ഇസ്‌ലാമിക അടിത്തറ ആവേശോജ്വലമായ ശൈലിയിൽ അദ്ദേഹം അവതരിപ്പിച്ചു. ഷാവേസും നജാദും സാമ്രാജ്യത്വത്തിനെതിരെ തീർക്കുന്ന ചങ്കുറപ്പും ആദർശാടിത്തറയുമുള്ള പ്രതിരോധത്തിൽ സോളിഡാരിറ്റിയും പങ്കുചേരുന്നതായി അദ്ദഹം പ്രഖ്യാപിച്ചു.

കെ.എ ശഫീഖ്, പി. മുജീബുർറഹ്മാൻ, എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് ശമീം എന്നിവർ സംസാരിച്ചു. സുനിൽ ഹസൻ പ്രമേയം അവതരിപ്പിച്ചു. സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് എം.എം.ഷാജഹാൻ സ്വാഗതവും നാസിമുദ്ദീൻ നന്ദിയും പറഞ്ഞു.

സമ്മേളനത്തിന് മുന്നോടിയായി നടന്ന കൂറ്റൻ പ്രകടനം പാളയം രക്തസാക്ഷി മണ്ഡപത്തിനു മുന്നിൽ നിന്ന് ആരംഭിച്ചു. ബ്ലോക്കുകളായി ചിട്ടയോടെ നീങ്ങിയ പ്രകടനത്തിൽ അണിനിരന്ന ഫ്ളോട്ടുകൾ ജനശ്രദ്ധ ആകർഷിച്ചു. മഅ്ദനി പ്രശ്നത്തിൽ രാഷ്ട്രീയ പാർട്ടികൾ സ്വീകരിച്ചിരിക്കുന്ന അവസരവാദ നിലപാടുകൾ, എ.ഡി.ബിയോടുള്ള ഇടതു സംഘടനകളുടെ പുതിയ സമീപനം, മുസ്‌ലിംകളെ ഭീകരരായി ചിത്രീകരിക്കുന്ന മാധ്യമ-ഭരണകൂട നടപടികൾ തുടങ്ങിയവ നിശ്ചല ദൃശ്യങ്ങൾക്ക് വിഷയമായി. പ്രകടനം ഗതാഗതത്തെ ബാധിക്കാതിരിക്കാൻ കാൽനടക്കാർക്കും വാഹനങ്ങൾക്കും ഇടയ്ക്ക് മുറിച്ചുകടക്കാൻ സൗകര്യം ഒരുക്കിയിരുന്നു. ജില്ലാ പ്രസിഡന്റ് എം.എം ഷാജഹാൻ, സെക്രട്ടറി പി.നസീർഖാൻ, സമ്മേളന കൺവീനർ എം.നാസിമുദ്ദീൻ, ജെ.കെ മുജീബുർറഹ്മാൻ, അമീർ, ആരിഫുദ്ദീൻ, ഖദറുദ്ദീൻ, കെ.കെനസീർ നദ്‌വി, എച്ച്.ശക്കീർ, അനസ് തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.